**ദനഹാക്കാലം ആറാം ഞായർ**
**മർക്കോ 2:1–12**

## പാപമോചകനായ മനുഷ്യപുത്രൻ

ഫാ. ബിബിൻ

**പശ്ചാത്തലം**

തളർവാത രോഗിയെ സുഖപ്പെടുത്തുന്ന ഈ വിവരണം മുതൽ മൂന്നാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ കൈശോഷിച്ച ഒരു വ്യക്തിക്ക് സാബത്തു ദിവസം സൗഖ്യം നൽകുന്നതു (3:16) വരെയുള്ള ഭാഗം 'ഗലീലിയൻ വാദം' എന്നറിയപ്പെടുന്നു. മനുഷ്യപുത്രന്റെ പാപികളോടുള്ള സമീപനം, ഉപവാസം, സാബത്ത് എന്നിവ ഈ ഭാഗത്ത് ചർച്ച ചെയ്യപ്പെടുന്നു. ഗലീലിയയിൽ വച്ച് നടന്ന ഈ സംവാദത്തിന്റെ തുടക്കമാണു തളർവാതരോഗിയെ സുഖപ്പെടു ത്തുന്ന വിവരണം.

**വിശകലനം**

ഘടനാപരമായി ഇതൊരു അത്ഭുതവിവരണമാണ് (esp. vv.1-5, 11-12). എന്നാൽ അതിനെ നാടകീയമാക്കുവാനെന്ന വണ്ണം നിയമജ്ഞരിൽ ചിലരുടെ വിചാരങ്ങളെയും അവയ്ക്ക് മറുപടിയെന്നവണ്ണം പാപങ്ങൾ ക്ഷമി ക്കാൻ തനിക്കുള്ള അധികാരത്തെക്കുറിച്ചുള്ള യേശുവിന്റെ വിവരണവും മർക്കോസ് അവതരിപ്പിക്കുന്നു (esp. vv.6-10).

'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്ന് തളർവാതരോഗിയോട് യേശു പറയുന്നത് കേൾക്കുന്ന നിയമജ്ഞർ ദൈവത്തിനു മാത്രമാണു പാപം മോചിക്കാൻ അധികാരമുള്ളതെന്നും അതിനാൽ യേശു പാപങ്ങൾ മോചിക്കു ന്നത് ദൈവദൂഷണമാണെന്നും കരുതുന്നു.

യേശുവിന്റെ പാപമോചനാധികാരത്തെ സംബന്ധിച്ച വാക്യങ്ങൾ (6–10) അത്ഭുതവിവരണത്തിന്റെ ഇടയിൽ ഉൾപ്പെടുത്തിയതു വഴി മർക്കോസ് ക്രൈ സ്തവരുടെ ഉയിർപ്പാനന്തര വിശ്വാസത്ത അവതരിപ്പിക്കുക കൂടി ചെയ്യുന്നുണ്ട്. പാപങ്ങൾ മോചിക്കാനുള്ള മനുഷ്യപുത്രന്റെ അധികാരം ലേവിയെ പോലെ യുള്ള പാപികളെ മാറ്റിനിർത്താതെ കൂടെ നിർത്താനുള്ള പ്രചോദനം കൂടി നൽകു ന്നുണ്ട് (2:13–17).

**ഉള്ളടക്കം**

പ്രസ്തുത വിവരണത്തെ നമുക്ക് മൂന്ന് ഭാഗങ്ങളായി തിരിക്കാം.

**1. സന്ദർഭം (1–4)**

1 മുതൽ 4 വരെയുള്ള വാക്യങ്ങളിൽ സുവിശേഷകൻ ഈ അത്ഭുതം നടക്കുന്ന സ്ഥലം, അതിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾ, അതിന്റെ സന്ദർഭം എന്നിവ വിവരിക്കുന്നു. കഫർണാമിലെ വീടാണ് സ്ഥലം. യേശുവിനെ കൂടാ തെ, വലിയൊരു ജനക്കൂട്ടവും അവിടെ സന്നിഹിതരാണ്. അവിടേക്കാണ് ഒരു തളർവാതരോഗിയേയും എടുത്തുകൊണ്ട് നാലു പേർ എത്തുന്നത്. ജനക്കൂട്ടം നിമിത്തം യേശുവിന്റെ അടുത്ത് എത്താൻ കഴിയാതിരുന്ന അവർ മേൽക്കൂര പൊളിച്ച് തളർവാതരോഗിയെ കിടക്കയോടേ അവന്റെ അടുക്കലേക്ക് ഇറക്കി. ഈ പ്രവൃത്തി വഴി സുവിശേഷകൻ അവരുടെ വിശ്വാസത്തിന്റെ തീവ്രത അടയാളപ്പെടുത്തുന്നു.

**2. അത്ഭുതപ്രവൃത്തിയും നിയമജ്ഞരുമായുള്ള തർക്കവും (5–11)**

അത്ഭുതവിവരണത്തിലെ ഈ ഭാഗത്തെ വീണ്ടും രണ്ടായി തിരിക്കാം.

I) യേശു തളർവാതരോഗിയോട് സംസാരിക്കുന്നത് (5, 11)
J) യേശു നിയമജ്ഞരോട് സംസാരിക്കുന്നത് (6–10)

ഇതിൽനിന്നും യേശു തളർവാതരോഗിയോട് സംസാരിക്കുന്നതിനിടയി ലേക്കാണു യേശുവും നിയമജ്ഞരുമായുള്ള സംവാദത്തെ സുവിശേഷകൻ അവതരിപ്പിക്കുന്നതെന്ന് വ്യക്തമാവുന്നു. പ്രധാനമായും രണ്ടു കാര്യങ്ങളാണു യേശു തളർവാത രോഗിയോട് പറയുന്നത്, അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടി രിക്കുന്നു എന്നതും എഴുന്നേറ്റ് കിടക്കയുമെടുത്ത് വീട്ടിലേക്ക് പോവുക എന്ന തും. ഇതിൽ രണ്ടാമത്തെ ഭാഗം ഒരു സാധാരണ അത്ഭുതവിവരണത്തിന്റെ ഭാഗമാണ്. എന്നാൽ അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് പറയു ന്നത് ഒരു അസാധാരണ സംഭവം ആണ്. മാത്രമല്ല, തളർവാതരോഗിയോ അവനെ യേശുവിന്റെ പക്കലേക്ക് കൊണ്ടുവന്നവരോ പാപമോചനത്തേക്കാൾ അവന്റെ സൗഖ്യമായിരുന്നു ആഗ്രഹിച്ചിരുന്നതും. എന്നാൽ പാപവും രോഗ വും തമ്മിൽ ബന്ധമുണ്ടെന്നുള്ള യഹൂദചിന്തയുടെ അടിസ്ഥാനത്തിൽ രോഗ സൗഖ്യം സംഭവിക്കുന്നത് പാപമോചനം ലഭിക്കുമ്പോഴാണെന്ന് ഒരുപക്ഷേ അന്ന് കരുതിയിരുന്നിരിക്കാനും സാധ്യതയുണ്ട്.

യേശു തളർവാതരോഗിക്ക് രോഗസൗഖ്യം നൽകിയതല്ല, അവന്റെ പാപം മോചിക്കപ്പെട്ടിരിക്കുന്നു എന്ന് പരസ്യമായി പറഞ്ഞതായിരുന്നു നിയമ ജ്ഞർക്ക് അസ്വസ്ഥതയുണ്ടാക്കിയത്. 'ഡിവൈൻ പാസീവിലൂടെ' സംസാരി ക്കുക വഴി ദൈവമാണു പാപം മോചിക്കുന്നത് എന്ന യഹൂദചിന്തയെ എതിർ ക്കുകയായിരുന്നില്ല യേശു ചെയ്തത്, മറിച്ച് പാപം മോചിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയെ താൻ മനസ്സിലാക്കുന്നു 'ദൈവചിന്തയെ താൻ മനസിലാക്കുന്നു' എന്ന് പറയുകയായിരുന്നു. എന്നാൽ നിയമജ്ഞർ അത് മനസ്സിലാക്കിയത്, വെറും മനുഷ്യനായ യേശു പാപങ്ങൾ മോചിക്കുന്നു എന്നായിരുന്നു. അത് ദൈവദൂഷണമാണെന്നും ദൈവത്തിനല്ലാതെ ആർക്കാണു പാപങ്ങൾ മോചി ക്കാൻ കഴിയുക എന്നും അവർ മനസ്സിൽ ചിന്തിക്കുന്നു. യേശുവാകട്ടെ, തനിക്ക് ദൈവത്തിന്റെ ചിന്തകൾ മാത്രമല്ല, മനുഷ്യരുടെ ചിന്തകളും മനസ്സിലാക്കാൻ കഴിയും എന്ന് തെളിയിച്ചുകൊണ്ട് അവരുടെ ചിന്തകൾക്കും മറുപടി കൊടു ക്കുന്നു. മനുഷ്യപുത്രനായ തനിക്ക് ഭൂമിയിൽ പാപങ്ങൾ മോചിക്കാൻ അധി കാരമുണ്ടെന്നു തെളിയിക്കാനായി അവൻ തളർവാതരോഗിയെ സുഖപ്പെടു ത്തുന്നു.

പാപങ്ങൾ മോചിക്കാനായി തനിക്ക് അധികാരമുണ്ടെന്ന് തെളിയിക്കാ നായിട്ടാണു തളർവാതരോഗിയെ സുഖപ്പെടുത്തുന്നത് എന്ന യേശുവിന്റെ നിലപാട് വെളിപ്പെടുത്തുന്ന പത്താമത്തെ വാക്യമാണു ഈ അത്ഭുതവിവരണ ത്തിന്റെ കേന്ദ്രബിന്ദു. 'മനുഷ്യപുത്രൻ' എന്ന സംജ്ഞ സ്വയം ഉപയോഗിക്കുക വഴി രണ്ടു കാര്യങ്ങളാണു യേശു സ്ഥിരീകരിക്കുന്നത് (1) നിയമജ്ഞർ ചിന്തി ച്ചതു പോലെ താൻ മനുഷ്യനാണ്, (2) ദാനിയേലിന്റെ ഗ്രന്ഥത്തിൽ പറഞ്ഞി രിക്കുന്ന 'ആധിപത്യവും മഹത്വവും രാജത്വവും' നൽകപ്പെട്ടിരിക്കുന്ന 'മനുഷ്യ പുത്രൻ' (ദാനിയേൽ 7:13–14) താനാണ്.

പാപങ്ങൾ മോചിക്കുവാനുള്ള യേശുവിന്റെ അധികാരം ആദിമസഭയുടെ പ്രധാനതത്വങ്ങളിൽ ഒന്നായിരുന്നു. ഈ വിശ്വാസം ദൈവദൂഷണമാണെന്നാ യിരുന്നു യഹൂദരുടെ നിലപാട്. യഹൂദരും ആദിമക്രൈസ്തവരും തമ്മിൽ നിലനിന്നിരുന്ന ഈ തർക്കത്തിന്റെ നേർചിത്രവും നമുക്ക് ഈ ബൈബിൾ ഭാഗത്ത് കാണാവുന്നതാണ്. മഹത്വത്തിലേക്ക് പ്രവേശിച്ച മനുഷ്യപുത്രനാണു യേശുവെന്നും അതിനാൽതന്നെ അവനു ഭൂമിയിൽ എന്നും അധികാരമുണ്ടെ ന്നുമുള്ള ചിന്താഗതിയും ഈ വചനഭാഗത്ത് ദൃശ്യമാണ്.

**3. ഉപസംഹാരം (12)**

ഈ വചനഭാഗത്തിന്റെ അവസാനം പാപങ്ങൾ മോചിക്കപ്പെട്ട തളർവാത രോഗി സൗഖ്യമാക്കപ്പെടുന്നു. അത് മറ്റുള്ളവർക്ക് മുമ്പിൽ വെളിവാക്കിക്കൊണ്ട് അവൻ എല്ലാവരുടെയും മുമ്പിൽ വച്ച് തന്റെ കിടക്കയുമെടുത്തു കൊണ്ട് പുറത്തേക്ക് പോയി. ശേഷം, മറ്റ് അത്ഭുത വിവരണങ്ങളിലെന്ന പോലെ 'ഇതു പോലൊന്ന് ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ല' എന്ന് അത്ഭുതപ്പെടുന്ന ജനക്കൂട്ട ത്തെയും സുവിശേഷകൻ രേഖപ്പെടുത്തുന്നു.